DESPATCHED
On..13/3/23



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2034(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

(ഫയൽ നമ്പർ: 17316/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2023 മാർച്ച് 8**

Dr. S. Remadevi Amma,
Varadam, T.C.17/772(6),
CNRAA-58/2 Chithra Nagar,
Poojappura, Thiruvananthapuram – 695 012. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574.

2) അപ്പീൽ അധികാരി & രജിസ്ട്രാർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 27/06/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/07/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/08/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 14/11/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17/11/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/12/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/01/2023 |
| ഹിയറിംഗ് നടന്ന തീയതി | 01/03/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ഡോ. എസ്.രമാദേവി അമ്മ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിവരാവകാശ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും വ്യക്തമായ മറുപടി ലഭിച്ചില്ല എന്നും ആയതിനാൽ ടിയാളുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ

രേഖകളും പരിശോധിച്ച് വേണ്ട നിയമനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷയിലെ 1-ാം ചോദ്യത്തിന് വ്യക്തമായ രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 10.5.2022-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിൽ സംസ്കൃത വിഭാഗം (സാഹിത്യം) അദ്ധ്യാപകനായിരുന്ന ഡോ. പി.കെ. ധർമ്മരാജന്റെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിന്റെ ശരിപ്പകർപ്പ് നൽകണമെന്നും
2) ടി അദ്ധ്യാപകനെ റീഡറായി നിയമിക്കാനുള്ള റാങ്ക് ലിസ്റ്റിന്റെ ശരിപ്പകർപ്പ്, പ്രൊഫസറായി നിയമിച്ച റാങ്ക് ലിസ്റ്റിന്റെ ശരിപ്പകർപ്പ് എന്നിവ ലഭ്യമാക്കണമെന്നും
3) 15.11.1997–ലെയും 24.3.1998–ലെയും ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് തീരുമാനപ്രകാരം റീഡർ നിയമനം ആർക്കെല്ലാമായിരുന്നു നൽകിയതെന്നും ടി നിയമനത്തിൽ ഒ.ബി.സി. റിസർവേഷൻ പ്രകാരം ആർക്കെല്ലാം നിയമനം ലഭിക്കുകയുണ്ടായി എന്നും അവരുടെ പേരു വിവരങ്ങൾ നൽകണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 27.6.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരി 20.07.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നും ടിയാൾ ആവശ്യപ്പെട്ടത് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണെന്നും ടിയാളിൽ നിന്നും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് തുക വാങ്ങിയിട്ടും അയച്ചു തന്നത് സാക്ഷ്യപ്പെടുത്താത്ത പകർപ്പുകളാണെന്നും ആയതിനാൽ ടിയാൾക്ക് ലഭ്യമാക്കാത്ത എല്ലാ വിവരങ്ങളും രേഖകളും സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 16.08.2022 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. എതിർകക്ഷികൾ 06.01.2023–ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഡോ. എസ്.രമാദേവി അമ്മ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി എതിർകക്ഷികൾ നൽകിയിട്ടുള്ളതാണെന്നും ടി സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യം വകുപ്പ് അദ്ധ്യാപകനായിരുന്ന ഡോ.പി.കെ. ധർമ്മരാജന്റെ സർവ്വീസ് സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിന്റെ ശരിപ്പകർപ്പ് നൽകിയിട്ടില്ല എന്നതാണ് ടിയാളുടെ ആക്ഷേപമെന്നും പ്രസ്തുത അദ്ധ്യാപകനെ റീഡറായി നിയമിച്ചതിന്റെ റാങ്ക്

ലിസ്റ്റിന്റെ പകർപ്പും, 1997-98-ലെ റീഡർ നിയമനങ്ങൾ, ടി നിയമനം ലഭിച്ച 27 റീഡർമാരുടെ പേര് വിവരങ്ങൾ 1.1.1996-ലെ യു.ജി.സി. ശമ്പളപരിഷ്കരണം നടപ്പിലാക്കിയ തീയതി, ഉത്തരവുകളുടെ പകർപ്പുകൾ, ഹർജിക്കാരിയുടെ ഫിക്സേഷൻ വിവരങ്ങൾ, മലയാളം, സാഹിത്യം വകുപ്പുകളിൽ ലക്ചറർ തസ്തികയിൽ നിയമിച്ച അധ്യാപകരുടെ റാങ്ക് ലിസ്റ്റ്, ഉത്തരവ് എന്നിവയുടെ പകർപ്പുകൾ, 1994-96 കാലഘട്ടത്തിൽ സർവ്വകലാശാലയിൽ നിന്നും ടെർമിനേറ്റ് ചെയ്യപ്പെട്ട അദ്ധ്യാപക/അനദ്ധ്യാപകരുടെ പേര് വിവരങ്ങൾ, പ്രസ്തുത കാലഘട്ടത്തിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ലക്ചറർ തസ്തികയിൽ നിയമിതരായവരിൽ റെഗുലറൈസ് ചെയ്യപ്പെട്ടവരുടെ വിവരങ്ങളുമാണ് ഉന്നയിച്ചിരിക്കുന്നതെന്നുമാണ്. വ്യക്തിപരമായ വിവരങ്ങളെ സംബന്ധിക്കുന്നതോ, പൊതുതാത്പര്യവും പ്രവർത്തനങ്ങളുമായി ഒരു ബന്ധവുമില്ലാത്തതും ഒരു വ്യക്തിയുടെ സ്വകാര്യതയെ ലംഘിക്കുന്നതുമായ വിവരങ്ങൾ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരോ, അപ്പീൽ അധികാരികളോ ഈ വിവരങ്ങളുടെ വെളിപ്പെടുത്തൽ പൊതുജന താത്പര്യവുമാണെന്ന് കാണാത്തതിനാൽ ഒഴിവാക്കിയിരുന്നു എന്നും അതിനാൽ ചോദ്യം 1-ൽ ആവശ്യപ്പെട്ടിരിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് വിവരാവകാശ നിയമം 8(ജെ) വകുപ്പു പ്രകാരം വ്യക്തിഗത വിവരത്തിന്റെ പരിധിയിൽ വരുന്നതിനാൽ നൽകാനാവില്ലെന്ന മറുപടിയും നിയമാനുസൃതമാണെന്നുമാണ്.

5. അപ്പീൽ ഹർജിയും എതിർകക്ഷികളുടെ റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിക്കുകയും ഹർജിക്കാരിയെ ഫോൺ വഴിയും എസ്.പി.ഐ.ഒ. ആയ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി. ഷീന, അപ്പീൽ അധികാരി ആയ ജോയിന്റ് രജിസ്ട്രാർ ശ്രീ. സുകേഷ് എന്നിവരെ വീഡിയോ കോൺഫറൻസ് വഴിയും കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരിയായ ഡോ.എസ്.രമാദേവി അമ്മ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ ഡോ. ധർമ്മരാജന്റെ വ്യക്തിപരമായ വിവരങ്ങൾ അടങ്ങിയ ജി.ഇ. രജിസ്റ്റർ ഒഴികെ എല്ലാ വിവരങ്ങളും നൽകിയെന്നാണ്. എന്നാൽ ഹർജിക്കാരി കമ്മീഷനു മുമ്പാകെ ബോധിപ്പിച്ചത് എതിർകക്ഷികളുടെ കൈവശമുള്ള ഡോ. ധർമ്മരാജന്റെ സർവ്വീസ് വിവരങ്ങളടങ്ങിയ രേഖ ടിയാരിയുമായി പങ്കു വെയ്ക്കണമെന്നും, ആയതിന്റെ പകർപ്പ് അനുവദിക്കണമെന്നുമാണ്. പരാതിക്കാരിയുടെയും എതിർകക്ഷികളുടെയും വാദമുഖങ്ങൾ കേട്ടതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ആവശ്യപ്പെടുന്ന ജി.ഇ. രജിസ്റ്ററിന്റെ പകർപ്പ് മുഖ്യവിവരാവകാശ കമ്മീഷണർക്ക് ഉടൻ തന്നെ സീൽ വച്ച കവറിൽ സമർപ്പിക്കണമെന്നും ആയത് പരിശോധിച്ചതിനുശേഷം ഈ വിഷയത്തിൽ

തീരുമാനം കൈക്കൊള്ളാമെന്നും കമ്മീഷൻ എതിർകക്ഷികളോടും ഹർജിക്കാരിയോടും അറിയിച്ചു.

6. മുഖ്യ വിവരാവകാശ കമ്മീഷണർ ഹിയറിംഗ് വേളയിൽ എതിർകക്ഷികളോട് നിർദ്ദേശിച്ച പ്രകാരം ജി.ഇ. രജിസ്റ്ററിന്റെ പകർപ്പ് സീൽ വച്ച കവറിൽ കമ്മീഷനിൽ സമർപ്പിക്കുകയും 14 പേജുകളുള്ള പ്രസ്തുത രജിസ്റ്റർ കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. ടി രജിസ്റ്ററിന്റെ 2, 3 പേജുകളിൽ ഡോ.ധർമ്മരാജന്റെ വ്യക്തിവിവരങ്ങളും മറ്റുള്ള പേജുകളിൽ പ്രൊബേഷൻ, പേ റിവിഷൻ, പ്രൊമോഷൻ എന്നിവയുമായി ബന്ധപ്പെട്ട പേ ഫിക്സേഷൻ, ലീവ് വിവരങ്ങൾ എന്നിവയാണെന്ന് കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. നേരിൽ കേട്ട വേളയിൽ ഹർജിക്കാരി കമ്മീഷനു മുമ്പാകെ ബോധിപ്പിച്ചത് ടിയാരിയും ഡോ. ധർമ്മരാജനും ഒരേ ദിവസം കാലടി ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ചവരാണെന്നും പക്ഷേ ഹർജിക്കാരിയ്ക്ക് ലഭിച്ച ശമ്പളത്തിലും പെൻഷനിലും ശ്രീ. ധർമ്മരാജന് ലഭിച്ചതിനേക്കാൾ വളരെയധികം കുറവ് ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ അക്കാര്യം പരിശോധിച്ച് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഡോ. ധർമ്മരാജന്റെ സർവ്വീസ് വിവരങ്ങളടങ്ങിയ ജി.ഇ. രജിസ്റ്ററിന്റെ പകർപ്പ് ആവശ്യപ്പെട്ടതെന്നും, അല്ലാതെ ആരേയും മന:പൂർവ്വം കുഴപ്പത്തിലാക്കാനോ ദ്രോഹം ചെയ്യാനോ അല്ലെന്നുമാണ്. മേൽ പരാമർശിച്ച കാര്യങ്ങളെല്ലാം കണക്കിലെടുത്ത് കമ്മീഷൻ ഹർജിക്കാരിയായ ഡോ. എസ്. രമാദേവി അമ്മ ആവശ്യപ്പെട്ട ഡോ. ധർമ്മരാജന്റെ ജീവനക്കാര്യം ഉൾപ്പെടുന്ന ജി.ഇ. രജിസ്റ്റിന്റെ വ്യക്തിഗത വിവരങ്ങളടങ്ങിയ 2, 3 പേജുകളൊഴിച്ച് ബാക്കിയുള്ള പേജുകളുടെ പകർപ്പ് ഹർജിക്കാരിക്ക് ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ നൽകണമെന്നും സ്വീകരിച്ച നടപടി 20.3.2023-നകം കമ്മീഷനിൽ റിപ്പോർട്ടു ചെയ്യണമെന്നും എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 മാർച്ച് 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us